# ഇരയിമ്മൻ തമ്പി രചിച്ച

# ചില സംഗീത കൃതികൾ

*Typeset using Malayalam for $\LaTeX\,2_\varepsilon$ and pdf$\LaTeX$,*
*with Type 1 "രചന " Malayalam fonts.*

© **May 2005**

# ഇരയിമ്മൻ തമ്പി രചിച്ച ചില സംഗീത കൃതികൾ

ഉള്ളടക്കം


| | | |
|---|---|---|
| 1 | താരാട്ട് | 6 |
| 2 | കുമ്മി | 8 |
| 3 | ഗുരുവായൂർ ശ്രീകൃഷ്ണൻ | 11 |
| 4 | ഗുരുവായൂർ ശ്രീകൃഷ്ണൻ | 13 |
| 5 | അമ്പലപ്പുഴ ശ്രീകൃഷ്ണൻ | 14 |
| 6 | നെയ്യാറ്റിൻകര ശ്രീകൃഷ്ണൻ | 15 |
| 7 | മഹാ വിഷ്ണു | 17 |
| 8 | ശിവൻ | 18 |
| 9 | ആറ്റിങ്ങൽ തിരുവാറാട്ടുകാവിൽ ഭഗവതി | 19 |
| 10 | ആറ്റിങ്ങൽ പള്ളിയറ ഭഗവതി | 21 |
| 11 | കൊല്ലത്തു ചുറ്റുമല ശ്രീപാർവ്വതി | 23 |

| | | |
|---|---|---|
| **12** | വഞ്ചീശ്വരി റാണി ഗൗരി പാർവ്വതിഭായി | **24** |
| **13** | വഞ്ചീശ്വരി റാണി ഗൗരി പാർവ്വതിഭായി | **27** |
| **14** | റാണി രുക്മിണീ ഭായി[*] | **29** |
| **15** | പദ വർണം (മലയാളം) (ശങ്കരാഭരണം) | **30** |
| **16** | പദ വർണം (സംസ്കൃതം) (നീലാംബരി) | **32** |
| **17** | പദ വർണം (സംസ്കൃതം) (ഭൈരവി) | **34** |
| **18** | പദ വർണം (സംസ്കൃതം) (പുന്നാഗവരാളി) | **36** |
| **19** | താന വർണം (മലയാളം) (ആരഭി) | **38** |
| **20** | ശൃംഗാര പദം [†] (മലയാളം) (കാമോദരി) | **40** |


[*] സ്വാതി തിരുനാൾ മഹരാജാവിന്റേ സഹോദരി

[†] സ്വതി തിരുനാൾ മഹാരാജാവ് ധർമ്മ ദാരവുമായ് പിണങ്ങിയപ്പോൾ പ്രണയ കലഹം പരിഹരിക്കാൻ വേണ്ടി തമ്പി രചിച്ച ശൃംഗാര രസോദ്ദീപകമായ പദം

1. ഓമനത്തിങ്കൾക്കിടാവോ (കുറഞ്ചി) — താരാട്ട്
2. ശ്രീമദനന്തപുരത്തിൽ വാഴും (കുമ്മി)
3. കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണ (ശ്രീ)[‡]
4. അടിമലരിണ തന്നെ കൃഷ്ണ (മുഖാരി)
5. പാർത്ഥസാരഥേ (മാഞ്ജി)
6. നീലവർണ്ണ പാഹി മാം (സുരട്ടി)
7. ജപത ജപത ഹരിനാമ (തോഡി)
8. ചന്ദ്രകലാധര സാംബ (പുന്നാഗവരാളി)
9. പരദേവതേ നിൻ പാദഭജനം (തോഡി)
10. കാത്യായനി ദേവി സദാ (ശങ്കരാഭരണം)
11. പാഹി മാം ഗിരിതനയേ ( സാവേരി)
12. പാരിടങ്ങളിലെങ്ങുമിങ്ങനെ (കാമോദരി)
13. മനസാ കരുതുന്നതമ്പൊടു (സൗരാഷ്ട്രം)
14. കുലശേഖര നൃപസോദരി (ശങ്കരാഭരണം)
15. പദ വർണം (മലയാളം) (ശങ്കരാഭരണം)
16. പദ വർണം (സംസ്കൃതം) (നീലാംബരി)
17. പദ വർണം (സംസ്കൃതം) ഭൈരവി)
18. പദ വർണം (സംസ്കൃതം) പുന്നാഗവരാളി)

[‡] നാലു മുതൽ പതിനാലു വരേയുള്ള കൃതികൾ മഹാകവി ഉള്ളൂർ പരമേശ്വരയ്യർ ശേഖരിച്ചത്

19. താന വർണം (മലയാളം) (ആരഭി)

20. ശൃംഗാര പദം (മലയാളം) (കാമോദരി)

# 1 താരാട്ട്

## ഓമനത്തിങ്കൾക്കിടാവോ

*രാഗം: കുറഞ്ചി (താരാട്ട്)*

*ഓമനത്തിങ്കൾക്കിടാവോ ? നല്ല*
*കോമളത്താമരപ്പൂവോ ?*

*പൂവിൽ നിറഞ്ഞ മധുവോ ? പരി -*
*പൂർണേന്ദു തന്റെ നിലാവോ ?*

*പുത്തൻ പവിഴക്കൊടിയോ ? ചെറു -*
*തത്തകൾ കൊഞ്ചും മൊഴിയോ ?*

*ചാഞ്ചാടിയാടും മയിലോ ? മൃദു -*
*പഞ്ചമം പാടും കുയിലോ ?*

*തുള്ളുമിളമാൻ കിടാവോ ? ശോഭ -*
*കൊള്ളുന്നോരന്നക്കൊടിയോ ?*

*ഈശ്വരൻ തന്ന നിധിയോ ? പര -*
*മേശ്വരിയേന്തും കിളിയോ ?*

*പാരിജാതത്തിൻ തളിരോ ? എന്റെ*
*ഭാഗ്യദ്രുമത്തിൻ ഫലമോ ?*

*വാത്സല്യരത്നത്തെ വയ്പ്പാൻ മമ*
*വാച്ചോരു കാഞ്ചനച്ചെപ്പോ ?*

*ദൃഷ്ടിക്കു വെച്ചോരമൃതോ ? കൂരി -*
*രുട്ടത്തു വെച്ച വിളക്കോ ?*

കീർത്തിലതയ്ക്കുള്ള വിത്തോ ? എന്നും
കേട്ട വരാതുള്ള മുത്തോ ?
ആർത്തി തിമിരം കളവാൻ ഉള്ള
മാർത്താണ്ഡ ദേവ പ്രഭയോ ?
സൂക്തിയിൽ കണ്ട പൊരുളോ ? അതി -
സൂക്ഷ്മമാം വീണാരവമോ ?
വമ്പിച്ച സന്തോഷവല്ലി തന്റെ
കൊമ്പത്തു പൂത്ത പൂവല്ലി ?
പിച്ചകത്തിൻ മലർ ചെണ്ടോ ? നാവി -
ന്നിച്ഛ നൽകുന്ന കൽക്കണ്ടോ ?
കസ്തൂരി തന്റെ മണമോ ? പേർത്തും
സത്തുകൾക്കുള്ള ഗുണമോ ?
പൂമണമേറ്റോരു കാറ്റോ ? ഏറ്റം
പൊന്നിൽ കലർന്നോരു മാറ്റോ ?
കാച്ചിക്കുറുക്കിയ പാലോ ? നല്ല
ഗന്ധമെഴും പനിനീരോ ?
നന്മ വിളയും നിലമോ ? ബഹു -
ധർമ്മങ്ങൾ വാഴും ഗൃഹമോ ?
ദാഹം കളയും ജലമോ ? മാർഗ്ഗ -
ഖേദം കളയും തണലോ ?
വാടാത്ത മല്ലികപ്പൂവോ ? ഞാനും
തേടിവെച്ചുള്ള ധനമോ ?
കണ്ണിന്നു നല്ല കണിയോ ? മമ

*കൈവന്ന ചിന്താമണിയോ ?*

*ലാവണ്യപുണ്യ നദിയോ ? ഉണ്ണി*
*ക്കാർവർണ്ണൻ തന്റെ കളിയോ ?*

*ലക്ഷ്മീഭഗവതി തന്റെ തിരു -*
*നെറ്റി മേലിട്ട കുറിയോ ?*

*എന്നുണ്ണികൃഷ്ണൻ ജനിച്ചോ പാരി -*
*ലിങ്ങനെ വേഷം ധരിച്ചോ ?*

*പദ്മനാഭൻ തൻ കൃപയോ ? മുറ്റും*
*ഭാഗ്യം വരുന്ന വഴിയോ ?*

✠ ✠ ✠ ✠ ✠ ✠ ✠ ✠

**2 കുമ്മി**

## ശ്രീമദനന്തപുരത്തിൽ വാഴും

*ശ്രീമദനന്തപുരത്തിൽ വാഴും സ്വാമി*
*ശ്രീപദ്മനാഭന്റെ പാദപദ്മം*
*നാമിന്നു ചിന്തിച്ചു പാർവതീ റാണിയെ*
*നന്ദിച്ചു വാഴ്ത്തിക്കളിച്ചീടേണം - സഭ*
*വന്ദിച്ചു കുമ്മിയടിച്ചീടേണം* ||1||

*ശങ്ക വെടിഞ്ഞു സഭ നടുവിൽ*
*മങ്കമാരേ നിങ്ങൾ വന്നീടുവിൻ*
*കങ്കണജാലം കിലുങ്ങവെ*
*ചെങ്കയ്യിൽ താളം പിടിച്ചു നി -*

രങ്കശലീലം ഗുരുപദ
പങ്കജ മൂലം നിനച്ച നാം
രാഗത്തിൽ മൃദംഗധ്വനി സംഗീത വിധികൾക്കനു-
കൂലത്തിൽ കുമ്മിയടിച്ചിടേണം നല്ല-
മേളത്തിൽ കുമ്മിയടിച്ചിടേണം ||2||

കല്പകവല്ലി കനകലതേ സഖി
കാമപതാകേ കലാപവതീ
ഉല്പലമാലേ നടനത്തി-
ലുദ്യോഗശീലേ വഞ്ചീശ്വരി
കെല്പോടു ചാലേ അഭീഷ്ടം കൊ-
ടുപ്പതു ചാലേ നിനയ്ക്കുമ്പോൾ
ചൊൽ പൊങ്ങിന കല്പദ്രുമമൽപ്പാകില കല്പാകില
തൽപരിതോഷം വളർത്തീടുവാനിന്നു
ശില്പമായ് കുമ്മിയടിച്ചിടേണം ||3||

രക്ഷ ജനങ്ങൾക്കു ചെയ്തീടുന്ന വഞ്ചി-
രാജേശ്വരി തിരുമുന്നിലിപ്പോൾ
ലക്ഷണോന്മേഷം ചേരും പടി
ശിക്ഷാവിശേഷം നാമെല്ലാരും
അക്ഷീണ തോഷം കാട്ടീടേണാം
സാക്ഷാലശേഷം നവരസം
ചേർത്തും കൈകോർത്തും മടിതീർത്തും ജയമോർത്തും കളി-
യാടിക്കുമ്മിയടിച്ചീടേണം പദം-
പാടിക്കുമ്മിയടിച്ചീടേണം ||4||

*ഗുരുജന ദൈവത വിശ്വാസവും സർവ*
*ഗുണദോഷ ജ്ഞാനവുമൗദാര്യവും*
*പരിതാപം നീക്കും കടാക്ഷവും*
*കരുണയും വാക്കും ധർമത്തിങ്കൽ*
*പരന്നോരു നോക്കും ഭാഗ്യ ശ്രീകൾ*
*ചിരമുളവാക്കും സാമ്രാജ്യവും*
*ഭോഷ്കല്ലിതു വായ്ക്കുന്നതു*
*പാർക്കും പൊഴുതാർക്കുന്നഹി*
*യോഗ്യ സഭയിൽ നടിച്ചീടുവാൻ വന്ന*
*ഭാഗ്യം നമുക്കു നതാംഗിമാരേ* ||5||

*രോഷാദി ദോഷങ്ങളില്ല തെല്ലും വിഷ്ണു*
*രുദ്രാദി ഭക്തിക്കിളക്കമില്ല*
*ഭൂഷണം ചെററും കൂടാതൊരു*
*ദൂഷണമേററും ധരണിക്കു*
*ശേഷൻ മുററും പോരാ ഗുണ-*
*ഭാഷനമേററം ചെയ്‌വാൻ പാർക്കിൽ*
*ഏഷാ കില ദോഷാകരം ദൂഷേശ്വര യോഷാമണി*
*ഭാഷാ ഭഗവതിയോ രമയോ രാജ്ഞി*
*വേഷാഞ്ചിതമായ് വിളങ്ങീടുന്നു* ||6||

*പാരതിലെങ്ങും പരന്നീടുന്ന വഞ്ചി*
*പാർവതി റാണി തൻ കീർത്തിമല്ലീ*
*താരിൻ മണങ്ങൾ ദിശി ദിശി*
*സൂരിഗണങ്ങൾ പുകഴ്ത്തുന്നു*

*ഭൂരി ഗുണങ്ങൾ നൃപാമാത്യ*
*വീരജനങ്ങൾ ബഹുമാന*
*ഭാരത്തൊടു ചാരത്തിഹ നേരത്തുപചാരത്തൊടും*
*പാരം നിറഞ്ഞ സഭയിലിന്നു*
*സാരമായ് കുമ്മിയടിച്ചീടേണം* ||7||

*ഹിതമൊടു രാമവർമേന്ദ്രനെന്നും നാട്ടി-*
*ലിളമുറ മാർത്താണ്ഡ വർമനെന്നും*
*അതിപുകൾ ചേരും രൂപം കണ്ടാൽ*
*മതിമദം തീരും സ്മരനെന്നു*
*സതതമെല്ലാരും കൊണ്ടാടുന്ന*
*സുതരിരുപേരും ശ്രീ രുഗ്മിണി*
*ക്ഷിതിപേശ്വരി സുതയും ഇവരോടതി മുദാ പാർവതി*
*മേദിനി തന്നിൽ വിളങ്ങീടുവാനിന്നു*
*സാദരം കുമ്മിയടിച്ചീടേണം* ||8||

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

**3 ഗുരുവായൂർ ശ്രീകൃഷ്ണൻ**

## കരുണ ചെയ്‌വാനെന്തു താമസം

*രാഗം: ശ്രീ* *താളം: ചെമ്പട*

*പല്ലവി*

*കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണ*
*കഴലിണ കൈ തൊഴുന്നേൻ*

*അനുപല്ലവി*

*ശരണാഗതന്മാർക്കിഷ്ട വരദാനം ചെയ്തു ചെമ്മേ*
*ഗുരുവായുപുരം തന്നിൽ മരുവുമഖിലദുരിതഹരണ ഭഗവൻ*

*ചരണം*

*താരിത്തന്വി തലോടും ചാരുത്വം ചേർന്ന പാദം*
*ദൂരത്തിങ്ങിരുന്നോരു നേരത്തിൽ നിനച്ചാലും*
*ചാരത്തങ്ങു വന്നുപചാരത്തിൽ സേവിച്ചാലും*
*പാരിൽത്തിങ്ങിന തവ പരമ പുരുഷ ന ഖലു ഭേദമേതും || 1 ||*

*ഉരുതര ഭവസിന്ധൗ ദുരിതസഞ്ചയമാകും*
*തിര തന്നിൽ മരുവുന്ന നരതതിക്കവലംബം*
*മരതകമണിവർണ്ണൻ ഹരി തന്നെയെന്നും തവ*
*ചരിതവർണ്ണനങ്ങളിൽ സകലമുനികൾ*
*പറവതറിവനധുനാ || 2 ||*

*പിഞ്ഛ ഭാരമണിഞ്ഞ പുഞ്ചികുര ഭംഗിയും*
*പുഞ്ചരി ചേർന്ന കൃപാപൂർണ്ണകടാക്ഷങ്ങളും*
*അഞ്ചിതവനമാലാഹാര കൗസ്തുഭങ്ങളും*
*പൊൻ ചിലമ്പും പാദവും ഭുവനമഥന മമ ഹൃദി*
*കരുതുന്നേൻ || 3 ||*

*ധാതാവാദിയാം ലോകത്രാതാവായുള്ള ഗുരു-*
*വാതപുരവരനികേത ശ്രീ പത്മനാഭ*
*പ്രീതി കലർന്നിനി വൈകാതെ കനിവിനോടെന്റെ*
*വാതാദിരോഗം നീക്കി വരദ വിതര*
*സകലകുശലമധികം || 4 ||*

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

**4 ഗുരുവായൂർ ശ്രീകൃഷ്ണൻ**

## അടിമലരിണ തന്നെ കൃഷ്ണ

*രാഗം: മുഖാരി* *താളം: ചെമ്പട*

*പല്ലവി*

*അടിമലരിണ തന്നെ കൃഷ്ണ അടിയനൊരവലംബം*

*അനുപല്ലവി*

*കടൽ മകളുടെ കുളുർമുലയിണ പുണരും കാർമുകിൽ വർണ്ണ*

*ചരണം*

*പരമദയാംബുനിധേ കൃഷ്ണ പാലിക്കണമെന്നെ*
*തിരുവുടലുടെ വടിവെപ്പൊഴുമെന്നുടെ*
*ചിത്തേ തോന്നേണം || 1 ||*

*അന്തകനണയൊല്ലാ കൃഷ്ണ അതിനിത കൈ തൊഴുതേൻ*
*നിൻ തിരുവടി കൃപ ചെയ്യണം മയി നിത്യം ഗോവിന്ദ || 2 ||*

*ഗുരുവായുപുരേശ കൃഷ്ണ ഗുരുവായതു നീയേ*
*അറിയരുതടിയനു ഗുണവും ദോഷവുമരുളുക ശുഭമാർഗ്ഗം || 3 ||*

✠✠✠✠✠✠✠✠✠✠✠✠✠✠✠

**5 അമ്പലപുഴ ശ്രീകൃഷ്ണൻ**

## പാർത്ഥസാരഥേ

*രാഗം: മാഞ്ജി താളം: ഏകം*

*പല്ലവി*

*പാർത്ഥസാരഥേ പാഹി മാം കൃഷ്ണ പാർത്ഥസാരഥേ*

*അനുപല്ലവി*

*തീർത്ഥ പദാശ്രിത ജനതാ*
*പ്രാർത്ഥിതാർത്ഥ സന്താന പാദപ*

*ചരണം*

*അനഘ മഹാമണിഭൂഷ*
*അമല കഞ്ചുകോഷ്ണീഷ വേഷ || 1 ||*

*സാരസനിഭനേത്ര*
*ചാരുപാണിധൃത ശംഖതോത്ര || 2 ||*

*ഘർമ്മ ജലാഞ്ചിത തിലക*
*കമ്രധൂളി പരിധൂസരാളക || 3 ||*

*പിഞ്ഛഭരാഞ്ചിത ചികുര*
*പീതചേല കാരുണ്യ സാഗര || 4 ||*

*സുമശര സുന്ദരമൂർത്തേ*
*ശുകമുഖാവിരത ഗീത കീർത്തേ || 5 ||*

*വിജയ ശതാംഗാഭരണ*
*വിമത കൗരവകൃതാന്ത ദാരുണ || 6 ||*

*ജയ ജലജനാഭ ഹരേ ജയ*
*ജയാംബരനദീശ ശൗരേ || 7 ||*

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## 6 നെയ്യാറ്റിൻകര ശ്രീകൃഷ്ണൻ

### നീലവർണ്ണ പാഹി മാം

*രാഗം: സുരടി* *താളം: ചെമ്പട*

*പല്ലവി*

*നീലവർണ്ണ പാഹി മാം സന്തതം*
*നവനീതകൃഷ്ണ പാഹി മാമ*

*അനുപല്ലവി*

*ബാലഗോപാലപാല കൃപാലയ ഘൃത-*
*മാലാ കുലനിലയ നന്ദഗോപനന്ദന നവഘന*

*ചരണം*

*അളികലംബി ലലന്തികാംശു മിളിത ലസ-*
*ദളകനികര ചലദമലമണികുണ്ഡല*
*ലളിതമുഖഗളിതലാലാമൃഷിതാകൃതേ*
*ദളക നികര ചലദമലമണികുണ്ഡല*
*ലലിതമുഖഗളിതലാലാമൃഷിതാകൃതേ*
*ഗളകലിതദ്വീപി നഖാഭരണ ശ്രീയദുവര || 1 ||*

*പങ്കമോചന കേളീപതനസമയലഗ്ന*
*പങ്കശോഭിത ഭവപങ്കജാസനസേവ്യ*
*അങ്കുരിതരദന ഹാസശോഭി വദന*
*കിങ്കിണീമണിഗണകിരണരഞ്ജിത സുജഘന || 2 ||*

*മഞ്ജുനയനയുഗ മഞ്ജുളപരിവിഗള-*
*ദഞ്ജനാഞ്ചിത ചേതോഹരതരമണി-*
*ബന്ധ ശിഞ്ജാന മഞ്ജീര ശ്രീഭാസുര ചരണ-*
*കഞ്ജയുഗള ശൗരേ കമലനാഭ ജയ ജയ || 3 ||*

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## 7 മഹാ വിഷ്ണു

### ജപത ജപത ഹരിനാമ മനുജ

*രാഗം: തോഡി         താളം: ചെമ്പട*

*പല്ലവി*

*ജപത ജപത ഹരിനാമ മനുജ ജപത*

*ചരണം*

*അപരിമിതാംഹോഹരമനപായം*
*ആഗമസാധിതമമൃതോപായം || 1 ||*

*പതിതാനാമപി പാവനമന്ത്രം*
*ശിതികണ്ഠാനിശ ജീവന തന്ത്രം|| 2 ||*

*കിം ബഹു തപസാ കിം ബഹു യാഗൈഃ*
*കിം ബഹു തപസാ കിം ബഹു യോഗൈഃ || 3 ||*

*ഭക്തിയുതാ വാ ഭയതരളാ വാ*
*മുക്തിപരാ വാ ഭുക്തിപരാ വാ || 4 ||*

*സ്നാനേ പാനേ ശയനേ ഗമനേ*
*ദാനേ ഗാനേ ധർമ്മവിധാനേ || 5 ||*

*ആപദി സമ്പദി ചാഖിലസമയേ*

*ശ്രീപതി പദമനുചിന്തയ ഹൃദയേ || 6 ||*

*ജനിമൃതി രോഗരസായന ഭൂതം*
*സനകമുഖാഖില സന്മുനി ഗീതം || 7 ||*

*ശ്രീ രാമാച്യുത ശ്രീ രമണേതി*
*നാരായണ പത്മനാഭ ജയേതി || 8 ||*

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## 8 ശിവൻ

### ചന്ദ്രകലാധര സാംബ സദാശിവ

*രാഗം: പുന്നാഗവരാളി താളം: ചായ്പ്*

*പല്ലവി*

*ചന്ദ്രകലാധര സാംബ സദാശിവ ശംഭോ പാഹി*

*അനുപല്ലവി*

*ശങ്കര ദേവ മഹേശ്വര ശാശ്വത ശംഭോ*

*ചരണം*

*അംഗജശാസന ഗംഗാധര ഹര ശംഭോ*
*സർവ്വമംഗലാകാന്ത ഭുജംഗവിഭൂഷണ ശംഭോ || 1 ||*

*കാന്തമുനിജന സ്വാന്തനികേതന ശംഭോ*
*ത്രിപുരാന്തക ഘോരകൃതാന്തവിനാശന ശംഭോ* || 2 ||

*അജ്ഞാനഭഞ്ജന യജ്ഞനിവാരണ ശംഭോ*
*ശുദ്ധവിജ്ഞാനരൂപ സർവ്വജ്ഞ ദയാലയ ശംഭോ* || 3 ||

*ഭക്തപരായണ ഭർഗ്ഗ ഭവഹര ശംഭോ*
*ഭുക്തിമുക്തിപ്രദായക ശക്തിപ്രകാശക ശംഭോ* || 4 ||

*ലോകാധിനാഥ പിനകായുധ ജയ ശംഭോ*
*വിധിപാകാന്തകമുഖ നാകലയാർച്ചിത ശംഭോ* || 5 ||

*അന്ധക ദാനവ സിന്ധുരശാസന ശംഭോ*
*ഭവബന്ധ ഹര ലീല ബന്ധുരവിഗ്രഹ ശംഭോ* || 6 ||

*പങ്കജസംഭവ പങ്കജനാഭസ്വരൂപ സർവ്വ-*
*പങ്കവിമോചന പാലയ മാം ശിവ ശംഭോ* || 7 ||

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

**9 ആറ്റിങ്ങൽ തിരുവാറാട്ടുകാവിൽ ഭഗവതി**

## പരദേവതേ നിൻ പാദഭജനം

*രാഗം: തോഡി* *താളം: ചെമ്പട*

*പല്ലവി*

*പരദേവതേ നിൻ പാദഭജനം ചെയ്യുന്നേനംബ*

*അനുപല്ലവി*

*സുരദാനവതാപസ സുജനപൂജിതപാദേ വരദേ*
*തിരുവാറാട്ടു കാവതിൽ വാണീടുന്ന പരമേശ്വരി ജയ ജയ*

*ചരണം*

*ചൊല്ലാർന്ന നാന്മുഖനും മല്ലാരി ദേവൻ താനും*
*മല്ലീശവൈരിയു മെല്ലാനേരവും ദേവി*
*ചില്ലീലതാഗ്രമൊന്നു മെല്ലേ നീയിളക്കീട്ടു*
*ചൊല്ലും വേലകൾ ചെയ്തു കല്യാണി വാണീടുന്നു*
*അല്ലൽ വിവിധമുള്ളതിങ്ങു വിരവൊടു*
*തല്ലി നീക്കി നല്ലതരുളുവാൻ തവ*
*തെല്ലുപോലുമില്ല പണി ഭവൽ പദ-*
*പല്ലവങ്ങളുല്ലസിക്ക ഹൃദി മമ || 1 ||*

*ലോകേശ്വരി നിൻ കൃപാലോകം ലഭിക്കുന്നേരം*
*ലോകേ ദീനൻ ധനികനാകുന്നതും കാണുന്നു*
*മൂകപ്രായനും ദ്രാക്ഷാപാകേ കവനം ചൊല്ലും*
*ശോകപ്രസംഗം ഭക്തലോകർക്കില്ലൊരു നാളും*
*ഗുണതതിക്കു ഗണനമോർക്കിലില്ലതു*
*ഫണിപതിക്കു പണി വദിക്ക തവ കഴലിണയെനിക്കു*
*തുണ നിനക്കി, ലഘുമിരുൾ ഗണമൊഴിക്ക*
*മണിവിളക്കു പോൽ മമ || 2 ||*

*അഹിതമധുകൈടഭ നിഹതി കാരണം നീയേ*
*സഹിതസന്തോഷ ദേവമഹിതേ ഘോരാകാരനാം*
*മഹിഷാസുരനെക്കൊന്ന വിഹിതലോക രക്ഷണേ*
*നിഹത ധൂമ്രലോചനേ പ്രഹിത ദൂത കുപിത-*
*ചണ്ഡ മുണ്ഡ ദാനവേന്ദ്ര ഖണ്ഡിനി ചണ്ഡവീര്യ രക്ത-*
*ബീജമാഥിനി ദണ്ഡിതാരിമണ്ഡലേ ത്രിശൂലിനി ചണ്ഡികേ*
*നിസുംഭസുംഭമർദ്ദിനി || 3 ||*

*പാപങ്ങൾ കൊണ്ടുളവാം താപത്രയാത്മ സക-*
*ലാപത്തൊഴിച്ചു കൃപയാ പാരം കടാക്ഷിച്ചു*
*ശ്രീപത്മനാഭൻ തന്റേ ശ്രീപാദഭക്തൻ വഞ്ചി-*
*ഭൂപാലൻ തന്റേ വംശ ശ്രീപുഷ്ടി ചേർക്കും നാഥേ*
*വിദ്യ നീയവിദ്യ നീ ത്രയീമയി*
*ഗദ്യപദ്യ വർണ്ണ നാദ രൂപിണി*
*ഹൃദ്യമായ വേദ്യവസ്തു നീ നിരവദ്യഭുക്തി-*
*ഭക്തി മുക്തി ദായിനി || 4 ||*

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

**10 ആറ്റിങ്ങൽ പള്ളിയറ ഭഗവതി**

## കാത്യായനി ദേവി

*രാഗം: ശങ്കരാഭരണം താളം: ചെമ്പട*

*പല്ലവി*

കാത്യായനി ദേവി സദാ മാം കാത്തീടണമംബികേ

അനുപല്ലവി

പാർത്താലിഹ ശരണം നീ മമ
പള്ളിയറയിൽ വിളങ്ങിന ഭഗവതി

ചരണം

സമസ്തലോകവുമുള്ളിൽ വഹിച്ചോരു മായേ സൃഷ്ടികാലത്തിൽ
ശ്രമപ്പെടാതിങ്ങുളവായ തായേ ബാധകളെല്ലാ-
മമർത്തി നലമൊടു കാത്തു വളർപ്പതു നീയേ പദാംബുജത്തിൽ
നമിപ്പവൻ ഹൃദി നിനച്ചിടും പുമർത്ഥമൻപൊടു കൊടുത്തീടും
മമത്വമധികവുമുദിച്ചിടും സമർത്ഥനെന്നതു വരുത്തിടും
സകല ജനനി ജയ നിരുപമ ചരിതേ || 1 ||

മദിച്ചു വന്നൊരു മഹിഷമഹാസുരവീരം പോരിലമർത്തി
പദദ്വയത്താൽ മഥനം ചെയ്തതിഘോരം ഖഡ്ഗം കൊണ്ടേറ്റ-
മുദിച്ച കോപമൊടാശു വധിച്ചൊരുനേരം വേതാളാദികൾ
നദിച്ചു രണഭുവി കളിക്കയും ത്രസിച്ചു ഖലജനമൊഴിക്കയും
സ്തുതിച്ചു സുരതതി നമിക്കയും മൃദുസ്മിതദ്യുതി പൊഴിക്കയും
പറവതിനിഹ തവ കളികളിതെളുതോ || 2 ||

വളഞ്ഞ വാളൊടു വട്ടകശൂല കപാലം കൈക്കൊണ്ടു ദൈത്യ-
ഗളങ്ങൾ വെട്ടി മുറിച്ചൊരു നിന്നുടെ കോലം എന്നുള്ളിൽ നിത്യം
വിളങ്ങുവാൻ പണിയുന്നു സദാ പദമൂലം നിശ്ശേഷ ഭീതി-
കളഞ്ഞു വിരവിനൊടനുക്ഷണം തെളിഞ്ഞു നന്മകൾ വരുത്തണം

*വളർന്നൊരഘമപഹരിക്കണം*
*ഹരിഹയമുഖ സുരവരനത ചരണേ || 3 ||*

*സുപർണ്ണകേതു സരോരുഹനാഭൻ തന്റെ പത്നീദേവിയു-*
*മപർണ്ണയും വാണിയും മൂർത്തികൾ നിന്റെ ഭക്തജനാനാം*
*പ്രപുണ്യരൂപിണി ഭൈരവി സന്തതമെന്റെ വംശത്തിനുള്ളോ-*
*രുപദ്രവങ്ങളെയൊഴിക്കണം വിപത്തശേഷവുമകറ്റണം*
*സപത്നകുലമദമമർത്തണം കൃപയ്ക്കു പാത്രീഭവിക്കണം*
*അടിയനതിനു വരമരുളുക സതതം || 4 ||*

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## 11 കൊല്ലത്തു ചുറ്റുമല ശ്രീപാർവ്വതി

### പാഹി മാം ഗിരിതനയേ

*രാഗം: സാവേരി താളം: ചെമ്പട*

*പല്ലവി*

*പാഹി മാം ഗിരിതനയേ സന്തതം തവ*
*പാദപങ്കജം തൊഴുന്നേൻ*

*അനുപല്ലവി*

*ദേഹികൾക്കു നിൻ കൃപാ ലേശം ലഭിച്ചിതെന്നാൽ*

*ദേഹിയെന്നിഹ ജഗദീശ്വരി ചൊല്ലീടുമോ*

*ചരണം*

*കാൽത്തളിരിണയുള്ളിൽ ചേർത്തു വാണീടുമെന്നെ*
*കാത്തീടായ്കിലതിനു കീർത്തികേടില്ലയോ തേ*
*പാർത്തിടാതേ നീയെന്റെയാർത്തികളഖിലവും*
*തീർത്തു നിങ്കലധികം വീർത്ത ഭക്തി നൽകേണം ‖ 1 ‖*

*ഏതാനുമൊരു പിഴ ചെയ്തോ? ചെയ്താലുമതു-*
*മാതാവേ നിന്നുടയ ചേതസി കരുതാമോ?*
*ആതങ്കമൂലമായ പാതകമെല്ലാം തീർത്തു-*
*മാതംഗി കാത്താലെന്നു ചേതം നിണക്കു ദേവീ ‖ 2 ‖*

*ചുറ്റു മലയിൽ വാഴും മുറ്റും ശ്രീപത്മനാഭ-*
*നുറ്റ സോദരി ലോകം പെറ്റ കാരുണ്യമൂർത്തേ*
*കുറ്റങ്ങലഖിലവും തെറ്റെന്നു സഹിച്ചു നീ*
*ചെറ്റു കടാക്ഷിക്കേണം മറ്റൊരാശ്രയമില്ലേ ‖ 3 ‖*

✠✠✠✠✠✠✠✠✠✠✠✠✠✠✠

**12 വഞ്ചീശ്വരി റാണി ഗൗരി പാർവ്വതിഭായി**

## പാരിടങ്ങളിലെങ്ങുമിങ്ങനെ

*രാഗം: കാമോദരി താളം: ചെമ്പട*

*പല്ലവി*

പാരിടങ്ങളിലെങ്ങുമിങ്ങനെ വഞ്ചീശ്വരിയെപ്പോലെ
ഭാഗ്യമുള്ളവരില്ല നൂനം

അനുപല്ലവി

താരിൽ മങ്കയുമൂഴിയും ബത
ധാത്രീശ്വരിയുടെ വശമതിലായി

ചരണം

ആർത്തികൾ ജനങ്ങൾക്കു തീർത്തു ധർമ്മകാര്യങ്ങൾ
കാത്തിടുവാനായ് വഞ്ചിഭൂപന്മാരുടെ പുണ്യ-
പൂർത്തിതാനതിന്നനുരൂപം കൈക്കൊണ്ടു ചാരു-
മൂർത്തിയായിഹ നേർത്തിടാതൊരു കീർത്തി ദിശി ദിശി
ചേർത്തിടുന്നൊരു പാർത്ഥിവ നായിക തന്റെ ഗുണങ്ങളെ
വാഴ്ത്താനെളുതല്ലിതു പാർത്താൽ || 1 ||

ക്ഷോണീതലത്തിലെങ്ങും വാണീടുന്നൊരു ജന-
ശ്രേണി തന്നുടെ രക്ഷ ചെയ്‌വാനമ്പൊടു വിഷ്ണു-
പ്രാണ വല്ലഭ ലക്ഷ്മീ ദൈവാൽ വന്നിതോ മന്നിൽ
വാണിയോ രുദ്രാണിയോ ഇന്ദ്രാണിയോ കല്യാണി പാർവ്വതി-
റാണി മഹേശ്വരി കാണികളിങ്ങനെ
കൊണ്ടാടീടുന്നതു കണ്ടാൽ || 2 ||

വാണീഗുണങ്ങൾ കേട്ടാൽ നാണിക്കുമമൃതവും
പാണിക്കു ദാനശീലമേറ്റമത്രയുമല്ല
കാണിക്കും വൈരികലിലുറ്റം ഗോബ്രാഹ്മണ പരി-

*ത്രാണ കർമ്മധുരീണ ശാസ്ത്രപുരാണ നാടക ഭാണ കോവിദ*
*വൈണികഗായക സഭയിലിരുന്നതിമോദം*
*ചെയ്യുന്ന വിനോദം || 3 ||*

*ശ്രീമാനാകുന്ന ബാലവർമ്മഭൂപാല-*
*സ്വാമി തന്നിളയമാതാ സാമ്രാജ്യലക്ഷ്മീ*
*സീമാ നിത്യാന്നദാനോപേതാ ശരണാഗതാഖില-*
*ഭൂമിപാല ശിഖാമണീ ഗണധാമ രഞ്ജിതകോമളാംഘ്രി നി-*
*കാമസുനീതി മഹാമതി പാർവ്വതിറാണി*
*കരുണാമൃതവേണീ || 4 ||*

*പ്രീതിയുമുള്ളിലൊരു ഭീതിയുമുള്ള ബഹു-*
*നീതിജ്ഞ മന്ത്രികളൊന്നിച്ചു കാര്യാകാര്യങ്ങൾ*
*ചാതുര്യമോടിഹ മന്ത്രിച്ചു മര്യാദ ധർമ്മവു-*
*മേതുമേ പിഴയാതെ തന്നുടെ ചേതസാപി നിനച്ച കല്പന*
*വീതവിശങ്കം നൽകീടുന്നൊരു മാന്യാ ജഗദേകവദാന്യാ || 5 ||*

*കൊല്ലോടനന്തനാകും തല്പേ പള്ളികൊള്ളുന്ന*
*ചിൽപുമാൻ പത്മനാഭസ്വാമി തന്റെ കാരുണ്യം*
*കല്പവല്ലിയൊടൊപ്പമെന്നു ജഗൽ പ്രസിദ്ധമതിൽ പരം കിമു*
*കല്പന നീളേ നടപ്പതുമിനിയാകല്പമതിന്നില്ല വികല്പം || 6 ||*

## 13 വഞ്ചീശ്വരി റാണി ഗൗരി പാർവ്വതിഭായി

### മനസാ കരുതുന്നതമ്പൊടു

*രാഗം: സൗരാഷ്ട്രം*  *താളം: ചെമ്പട*

*പല്ലവി*

*മനസാ കരുതുന്നതമ്പൊടു*
*മടിച്ചിടാതിഹ കൊടുക്ക വിരവൊടു*

*അനുപല്ലവി*

*സനകാഞ്ചിത സരസീരുഹലോചന*
*ശരണാഗത പാർവ്വതി രാജേശ്വരി*

*ചരണം*

*സന്തതമോദിതബുധപരിവാരം അന്തികസീമനി വന്നനുവാരം*
*നിന്തിരുവടിയുടെ ചരിതമുദാരം ചിന്ത തെളിഞ്ഞുര ചെയ്യുന്നേരം*
*ചെന്തളിർ മൃദുഗാത്രം രോമാഞ്ചിതമുടനതിമാത്രം*
*കലയതി ഹന്ത ബാഷ്പ പാത്രം മോദമോടായീടുന്ന നേത്രം*
*എന്തു താമസം തവ പ്രിയോചിത ചിന്തിതങ്ങ-*
*ളന്തരായമെന്നിയേ ചന്തമൊടാശു കൊടുപ്പതിനാശ്രിത-*
*സന്താനദ്രുമ നിന്നെയൊഴിഞ്ഞു ഹൃദന്തരമതിലിഹ*
*കരുതീടുന്നില്ലതിശുഭഗുണ നിധിയാം വഞ്ചീശ്വരി || 1 ||*

സ്നാന ജപാർച്ചന നിയമവിധാനം ദാനമസംഖ്യം വിവിധമന്നനം
മാനമോടതിഥിപൂജ നിദാനം ഹാനിവരാതൊരു ഭോജനദാനം
ഗാനനടന ഭേദം ചേർന്നൊരു കളികളൊടു വിനോദം
പലതിവ മാനിനി സാമോദം ചെയ്‌വതു മാന്യ നിൻ പ്രസാദം
ധ്യാനശീലമാനസേന കരുതി മഹാനുഭാവ
വാണീടുന്നഹോ ബത ദീനജനൈകപരായണ
മാധവ ദേവ ഭവദ്രതിസുഖമതിലതികുതുകാനുദിനം
തവ കരുണ ലഭിപ്പതിനടിമലർ പരിചൊടു
തൊഴുമവനീശ്വരി || 2 ||

ശ്രീമദനന്തപുരോത്തമ സദന കാമദ മൃദുഹസിതാഞ്ചിതവദന
ശ്രീമധുസൂദന തനുജിതമദന സ്വാമിൻ ദൂരികൃതനതകദന
ശ്യാമജലധരാഭ സൽഗുണശരണ ധൃതസുനാഭ ദാരിത-
ഭീമസാല സൗഭ ധൃഢഗാംഭീര്യ നളിനനാഭ
സോമചൂഡ താമരോത്ഭവേന്ദ്രമുഖാമരേഡ്യ
കോമളാംഗി രാപകൽ രാമ ജനാർദ്ദന കൃഷ്ണ ഹരേ
നാരായണ ജയ വരദേതി സദാ തവ
നാമജപത്തൊടു മരുവും പാർവ്വതീ-
നാമധേയമിയലുന്നൊരു രാജ്ഞി || 3 ||

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## 14 റാണി രുക്മിണീ ഭായി§

### കുലശേഖരനൃപസോദരി

*രാഗം: ശങ്കരാഭരണം        താളം: ചെമ്പട*

*പല്ലവി*

*കുലശേഖരനൃപസോദരി തന്നുടേ*
*ഗുണവർണ്ണനമെളുതോ*

*അനുപല്ലവി*

*കലശാംബുധി കന്യാപതിയാകിയ കഞ്ജനാഭകൃപയാ വഞ്ചീശ്വര*
*കുലപോഷണമതു ചെയ്‌വാനിങ്ങനുകലഭാഗ്യമൊട്ടുളവായീടിന*

*ചരണമ്*

*വണ്ടാർ പൂങ്കുഴൽ മണിയാം ഭഗവതി തണ്ടാർ മാനിനികുണ്ഡിനേ*
*കണ്ടാലഴകൊട്ട ഭീഷ്മകസുതയായുണ്ടായി ക്ഷിതമണ്ഡനേ*
*കൊണ്ടാടീടുന്നഖിലജനങ്ങളുമിണ്ടൽ വെടിഞ്ഞു ദിനേ ദിനേ*
*ഉണ്ടതിനുമാത്രം ഗുണചരിത്രം അതിവിചിത്രം പവിത്രം*
*സുരസുരഭിയൊടെതിർവിതരണ ഗുണമിയലിന || 1 ||*

*സംഗീതാഞ്ചിത സാഹിത്യാദിവിധങ്ങളിലേറ്റം മോദവും*
*ശൃംഗാരാദിരസാന്വിത നാടകഭംഗികൾ കണ്ടു വിനോദവും*
*മങ്ങാതുള്ളൊരു മംഗലകരനിയമങ്ങളൊടമലാചാരവും*

§ സ്വാതി തിരുനാൾ മഹരാജാവിന്റേ സഹോദരി

*ഗംഗ്രാധരഹരി ഗൗരീപദഭജനങ്ങളിലതിവിശ്വാസവും*
*തുംഗകീർത്തിയെങ്ങും ജഗതി തിങ്ങുംപടി*
*വിളങ്ങുന്നിണങ്ങും മദമൊട്ടു മധുരത തടവിന*
*മണിഭുവി കിമുകുല || 2 ||*

*മാതാവാകിയ പാർവ്വതീരാജ്ഞിയിലാദാരമാർന്ന വിനീതിയും*
*താതനതായൊരു രാജരാജനൃപചേതസി ചേർക്കും പ്രീതിയും*
*വീതാതങ്കം ധർമ്മസ്ഥിതിയിൽച്ചാതുരി പൂണ്ടൊരു നീതിയും*
*ഭൂതലമതിലില്ലാർക്കുമിവണ്ണം പാതക കർമ്മണി ഭീതിയും*
*മോദമാർന്ന നോക്കും മധുരവാക്കും ആധിതീർക്കുമേവർക്കും*
*ക്ഷിതിതലഗതനൃപവിതതികളടിതൊഴുമൊരു || 3 ||*

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

**15** **പദ വർണം (മലയാളം) (ശങ്കരാഭരണം)**

## മനസി മേ പരിതാപം (പദ വർണം)

*രാഗം: ശങ്കരാഭരണം താളം: ആദി*

*പല്ലവി*

*മനസി മേ പരിതാപം ദുസ്സഹമയ്യോ*
*മയി കിം കോപമിന്നേരം*

*അനുപല്ലവി*

*വനജനാഭ സോദര വഞ്ചി ഭൂതല ചന്ദ്ര*
*മനുജേശ ശ്രീ കുലശേഖരേന്ദ്ര മഹാരാജ വിജിത ഭോജ (മനസി)*

*ചിട്ട സ്വര സാഹിത്യം*

*പാർവണ ശശി രുചാമദയതി*
*നിശാനി പാവനി മൃദു പവനാപ-*
*രിമള ചാല മധുപാലസതി തരസാ*
*കുരു കൃപാമതുല സാമ്രാജ്യധര (മനസി)*

*ചരണം*

*പഞ്ചബാണനെയ്യുന്ന*
*ഭാസമാന മാനിനീ മോഹനാകാര*

*സ്വര സാഹിത്യം*

*പാദ പതിത സുരപാദപ രിപുവധ-*
*പാടവ ചടുല കൃപാണ ലസിതഭുജ (പഞ്ച)* || 1 ||

*ക്ഷവാപി വിരമതി നൃപാല ദിശതപ*
*ജവാഭിനവസുമ സുപാടല മധരം*
*അവാപ ഹൃദി കിമു കൃപാനമയി ബഹു*
*തപാമി മുദിത ബുധ പാഹി നിരുപമ (പഞ്ച)* || 2 ||

*ശാരദവിധുവദന മമ സഹസാധവ-*
*സഹിത മഭി സാരാവഗത പാപാപരാ-*

*ധാരിഭീതീതി ദോഷാമഹിഭുവി*

*ഭോഗാപരിദോഷദാതതാ-*

*ദ്ദശഗുണവദിഹ ഭാവതാധനാധിപ*

*മദാപഹാരിയശസാ ദ്വിഷത്കരി*

*മൃഗപരിവൃഢമഹതീ ജാഗരൂകാശാ*

*ലതികസാധുസഫലാ ഭവതു വര മമ (പഞ്ച)* || 3 ||

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

**16 പദ വർണം (സംസ്കൃതം) (നീലാംബരി)**

## സായം കിം മേ നികേതമാഗാ (പദ വർണം)

*രാഗം: നീലാംബരി* *താളം: ആദി*

*പല്ലവി*

*സായം കിം മേ നികേതമാഗാ ജാനാമി*

*ഹൃദയം സാധുതേ വാചാ ബത വഞ്ചിതാഹം*

*അനുപല്ലവി*

*നായം തവ ധർമോ വാരിരുഹ നാഭദാസ ശ്രീ*

*വഞ്ചിഭൂമിചന്ദ്ര സനികുഞ്ജവനീ സരസീനി*

*ചിട്ടസ്വര സാഹിത്യം*

*പരിസരഗാ തവവചസാഹം നനവിജനേ ഗത നിശാമ*
*വസമയി ഭവദഭ്യുപ മനസാ തവ മനസി കൃപാ കിമഹ*
*നസമജനീ ഹഹഹ സവിധരസദയമതിരിതി ശിരസിതു*
*മമുലിപിമതനത നൃപമതി ധൃതി ബലജിത ഹിമനഗ (സായം)*

*ചരണം*

*പന്ഥാനാസൗ തേ നാഥ*

*സ്വര സാഹിത്യം*

*ശ്യാമാകൃത താപാ വിധു പാദ*
*ഹൃത മനസാ ജനി മമ (പന്ഥാ) || 1 ||*

*കാമബാണഗണ പാദവിദലിതാനൽപ്പ*
*മർമ വഞ്ചുള നികുഞ്ജ*
*സത്മനി വിവശതാമഗമമ പാപ*
*വിധ കിമു ഫലമതി പടുതമ*
*കാന്തമമ സമാഗമമപഹായ*
*ചതവാധരം മധു നിസർഗ രമ്യ-*
*മപി ബദ മി രസകര സുമാശുഗാ*
*സാ നിരധി സമ (പന്ഥാ) || 2 ||*

*നോദധാമി മുദമീദൃശാസു മധുമാധുരീഷു*
*ദരിത വചസാ*
*പുരാ പരിചയം മനസി സ്മരസിന്ദ*
*ബബു യുവതീഷു രസ ശാലിനി (പന്ഥാ) || 3 ||*

*ബാഷ്പാവൃത മപനീയാനുപമപദാപാതി നരപാലക-*
*മരുഗരീണതാ വിവശലോചന ദ്വിതയമപി ഹാസാ*
*ലാലവസാ ദിശി ദിശി ദദതീവിസ സുമപടലേ*
*ബത ദരവികാസിനി ഭവന മവാപമഗതിരാശു*
*തയേഹര ജനീമയി സസുഖമാരമ (പന്ഥാ)* || 4 ||

✠✠✠✠✠✠✠✠✠✠✠✠✠✠✠

**17** **പദ വർണം (സംസ്കൃതം) (ഭൈരവി)**

## സായം തവ സാഭിമതാ കാമിനീ (പദ വർണം)

*രാഗം: ഭൈരവി*        *താളം: രൂപകം*

*പല്ലവി*

*തവ സാഭിമതാ കാമിനീ സുഖമേധതേ*
*നുദയയാ ത്വാം പ്രാഹിണോന്നാഥ*

*അനുപല്ലവി*

*ഭവ പങ്കജനാഭാംഘ്രീ ഭജനോദിത സാമ്രാജ്യ*
*കുവലയാഖ്യാത വിമല ഗുണ കുലശേഖരേന്ദ്ര*

*ചിട്ടസ്വര സാഹിത്യം*

*നീരരുഹ നിഭ ലോചന മാകലുഷമധികാലസ-*

*മീഷദസിതാധര ജപാ കിമധുനാപി കഥയ*
*പദപതന സുമുദിത സുതനരസ പുളകിത വപുഷാ*
*തവ രജനിജാതമപി ചരിതമാവിദിത മഹഹ സാധു ബത (തവ)*

*ചരണം*

*മാമാരസാദനസര*

*ചിട്ടസ്വര സാഹിത്യം*

*കലയതേ ദനഗമായാനസരണ*
*ചാതുരീ നഹി മേ സുഭഗ (മാമാ)* || 1 ||

*മാനിനീ മമ മതിഗാന നഹി ഭവദപരാ*
*മുഹുരിതി വചസാ കൃതമവശഗ* || 2 ||

*പാലിത ധര നൃപതീ നത പാദയുഗ ദയിതാ*
*കുചഭാരമിളിത ഘുസൃണ രസപാടലിത മൃദകരയുഗ*
*(മാമാ)* || 3 ||

*ക്ഷപാ ജാഗരിത രുചിര വിധുപാദ ശിരീത കുമുദ മധുപാന*
*ഖേലന വശമധുപാധിപതിരുഷസി ബത തദാ വസന കൃ-*
*ദ്ദകജസവിധിത പാതമിവ വിതനഷേ മൃഗപാഗമമതി*
*കുശലസാധു പാളി വിസൃത വിതരണ-*
*വിധപാദാനമദ മരനഗ (മാമാ)* || 4 ||

*സാപാര രസാകൃത ഭവതു ഗളിതതാപാ*

*ജിതരതീശ നിശമയ സദാ സാഹസ പദ*
*നീരജശര ദാരുണശര പാത ജനിതരുജാം*
*അഗതിതമാമിഹ നൃപ മാമവ കരുണാ നിലയ*
*സാഹസാ തവമുദാ കൃപാമയാപഗാമയി നിപപതു മധുര-*
*മധരമധുരസമപി വിതര സപദി മദ്ദരസിലഗ (മാമാ)* || 5 ||

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

**18 പദ വർണം (സംസ്കൃതം) (പുന്നാഗവരാളി)**

## ഹാസാലോകേ ധന്യ ജാതാ (പദ വർണം)

*രാഗം: പുന്നാഗവരാളി രാഗം: ആദി*

*പല്ലവി*

*ഹാസാലോകേ ധന്യ ജാതാ ഹന്ത കാമിനീ*
*ഭൂരി സൗഭാഗ്യാ ഹന്ത കാമിനീ*

*അനുപല്ലവി*

*യാ സാനുരാഗാവലോകഹാസാലിംഗന മുദിതാ*
*യാ നിവാസസുഖം ശ്രീപദ്മനാഭദാസ-*
*വഞ്ചിഭൂപാല രാമവർമ കുലശേഖരേണ*

*ചരണം* ¶

¶ ചിട്ടസ്വരത്തിന്റേയും സ്വരസാഹിത്യത്തിന്റേയും അഭാവം കാരണം ഈ പദം അസംപൂർണമായിട്ടാണിരിക്കുന്നത്.

ധിക് താം മമതു ഹന്ത യുവതീ കഥാം

സ്വര സാഹിത്യം

ദമിത കനകധര ഘനമദ കുചയുഗമിദമപി
നിശമയാധിമഗാരി ഗരീയാനതി വിനീതാഖില
നൃപാലക മാനിത ഗാംഭീര്യ ലസദനന്ത ഗുണതതി-
രഖില യുവതിജനരുചി ജനനീമാശയ ഘടനാരസ
നിസ്സരദനരാഗ പിശുനകലനാം ദൃശമതിലളിതാം
(ധിക്താം) || 1 ||

മയി താം പ്രഹിതാം സഫലാം തനോതി ന സകൃതധരം
ബത പരി ചുംബിതുമപി വാഞ്ഛതി ഹൃദയമനിശമിഹ
തദപി ന ഖലു ദിശതി കിമപി നരപതിരഹഹ ധൈര്യ-
മപഹൃതാം ച ശരദുപഗത മൃഗാങ്കരുചിര-
വിജനയതി മദംഗ വ്യഥാം (ധിക്താം) || 2 ||

നിശിതാരുന്തുദ കാമവിശിഖവർഷേണാതി പരവശതാ
ലീനാ മാനസാം വിശരണാം പാലയാശു സഖി മാം
ദൃശമോഹാം സുരാർത്യാ കൃശ ദേഹാം
നിദ്രാ നിശി ന വിശതി
ദൃശമവശതയാ മമ ശശിസദൃശ വദനമയി
ബ്രൂഹി ദശാം (ധിക്താം) || 3 ||

✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## 19 താന വർണം (മലയാളം) (ആരഭി)

### അംബ ഗൗരീ ഗിരികന്യേ (താന വർണം)

*രാഗം:ആരഭി താളം: ത്രിപുട*

*പല്ലവി*

*അംബ ഗൗരീ ഗിരികന്യേ ആശ്രയമില്ല നീയെന്യേ*
*അംബുജാസനാദി മാന്യേ ശംബരാരിവൈരി കുടുംബിനി*

*അനുപല്ലവി*

*സാധുലോക ശരണ്യേ കംബുകണ്ഠി തിരു-*
*വാറാട്ടു കാവിൽ വാണീടും ദേവീ മയി പരിചൊടു ഹാ*

*ചിട്ടസ്വര സാഹിത്യം*

*സാമർഥ്യ സരിന്മകരീ കരിയുഗ ഭ്രമകരീ*
*നയനോത്പലദള-*
*യുഗളീ തര തരസാ നിരവധി സുഖമരുളുക ജഗദ് (അംബ)*

*ചരണം*

*വരദേവീ ജിത ദൈത്യേ സാരസ്വത*
*രസധാടി തന്നീടേണം ജഗദീശ്വരീ (വരദേവീ)*

*സ്വര സാഹിത്യം*

*താരിൻ മകൾ ഹരിരമണി സാരസാസന-*
*പ്രിയയുമായതു ജഗതി നീ അംബ (വരദേവീ)* || 1 ||

*ശുഭകരീ പരമദ കരീ മദ-*
*ഭര ശമന മഹിത തമപടിമവിസര*
*രാജസിംഹീ ഗരിമാദികൾ തവ പാർ-*
*വതി പരിഭജന പരന വരുമിഹ (വാമദേവി)* || 2 ||

*അസാരാശയാ സത് പരിസര*
*വിസരദധമ ഗുണ തമസാ*
*മറവിയിലരുതു മനസ്സതിനു കൃപാ*
*തരിക പാപമയ മദരീനപാ കരു*
*ന പൂത മാവഹസരുചിര ചികരവൃ-*
*മഗരുതിലകലസദളികവും*
*അണിതരിവള മണിമയ രശനയു-*
*മകമതിൽ വിലസണമഴകതിൽ (വരദേവീ)* || 3 ||

*വഞ്ചിഭൂപാല വംശ*
*പരിപാലന നിരതേ അംബ*
*പദ്മനാഭാനുജ പരമായു ശ്രീ വിദ്യാ ഭാഗ്യാ-*
*രോഗ്യ പുത്രാദി പര ദേവതേ തന്നു-*
*പാഹി മാം വഴി പോലേ (വരദേവീ)*

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

## 20 ശൃംഗാര പദം [‖] (മലയാളം) (കാമോദരി)

### പ്രാണനാഥനെനിക്കു നൽകിയ (ശൃംഗാര പദം)

*രാഗം: കാമോദരി താളം: ആദി*

*പല്ലവി*

*പ്രാണനാഥനെനിക്കു നൽകിയ*
*പരമാനന്ദ രസത്തെ ബാലേ*
*പറവാനെളുതല്ല*

*അനുപല്ലവി*

*ഏണനേർമിഴിമാർമണേ സഖി*
*ഏകാന്തേ മണിമയശയനേ*

*ചരണങ്ങൾ*

*കാമിനീജനം കണ്ടു കാമനെന്നു കൊണ്ടാടും*
*കോമളാകൃതി ചാരുശീലൻ ശ്രീപദ്മനാഭ-*
*സ്വാമി തൻ പാദസേവാലോലൻ വല്ലഭനെന്നിൽ*
*പ്രേമമതിനു വിരാമമെന്നിയേ*
*കാമലീലയിലോമലേ ശൃണു*
*മാമക മാനസമാശു വശീകൃത-*
*മാക്കി വിരവൊടഴൽ പോക്കി || 1 ||*

---

[‖] സ്വതി തിരുനാൾ മഹാരാജാവ് ധർമ്മ ദാരവുമായ് പിണങ്ങിയപ്പോൾ പ്രണയ കലഹം പരിഹരിക്കാൻ വേണ്ടി തമ്പി രചിച്ച ശൃംഗാര രസോദ്ദീപകമായ പദം

*അങ്കത്തിലിരുത്തിയെൻ കൊങ്കത്തടകര-*
*പങ്കജം കൊണ്ടവൻ തലോടി പുഞ്ചിരി തൂകി*
*തങ്കക്കുടമെന്നു കൊണ്ടാടി ഗാഢം പുണർന്നു*
*അങ്കുരിതപുളകം കലർന്നിട്ടു*
*മെൻ കപോലമതിങ്കലമ്പൊട്ടു*
*തിങ്കൾ മുഖത്തെയണച്ചധരത്തെ*
*നുകർന്നും പല ലീല തുടർന്നും || 2 ||*

*ഊരുമൂലത്തിൽ മെല്ലെ ചാരുവാം പാണികൊണ്ടു*
*പാരാതെ കരികരലീലാഭേദങ്ങൾ ചെയ്തു*
*മാരരസാംബുരാശി വേല കവിയുമാറ-*
*ന്നേരമിതീവ സീൽക്കാരഭാവവി-*
*കാരപരയായെന്റെ കുച-*
*ഭാരമതിങ്കലുദാര നഖക്ഷതി*
*പേർത്തു ചെയ്തു രസം ചേർത്തും || 3 ||*

*ഉത്താനശായി കാന്തൻ വിസ്താരമാർന്ന മാറിൽ*
*ചിത്താനന്ദത്തോടണച്ചെന്നെ ചുംബനാദിയും*
*തത്താദൃശങ്ങൾ ചെയ്തു പിന്നെയെന്റെ മന്മഥ-*
*പത്തനാംബുജമാശു കണ്ടതി-*
*ചിത്തകൗതുകമാർന്നു മൽ പതി*
*മത്തമതാം ഭ്രമത്തൊടു സമത വ-*
*ഹിച്ചും മധുവുണ്ടു രസിച്ചും || 4 ||*

*സീമ വെടിഞ്ഞുള്ളോരു കാമാദ്വൈത രസത്തിൽ*
*സാമോദമെൻ മനം ലയിച്ചു വിരായിതേന*
*കാമമെന്നെയും പ്രശംസിച്ചു രതിപാരവശ്യാൽ*
*പ്രേമവാക്യവിലാസവും മമ*
*കോമളാധര പാനവും സഖി*
*കാമുകനുടെ രതികൗശലമതിനു-*
*സമാനമില്ല നൂനം*
*തിങ്കൾ മുഖത്തെയണച്ചധരത്തെ*
*നുകർന്നും പല ലീല തുടർന്നും || 5 ||*

*കാന്തനോടോരോ രതികാന്തതന്ത്രത്തിലെന്റെ*
*പൂന്തുകിലഴിച്ചോരു നേരം തുടങ്ങി ഞാനും*
*മാന്താർ ശരക്കടലിൽ പാരം തന്നെ മറന്നു*
*നീന്തി മദനഭ്രാന്തിനാലതി-*
*താന്തി പൂണ്ടു നിതാന്തമിങ്ങനെ*
*കാന്തകൃതം സുരതാന്തമഹോത്സവ-*
*ഘോഷം പുനരെത്ര വിശേഷം || 6 ||*

✠✠✠✠✠✠✠✠✠✠✠✠✠✠✠